3. മൂന്നാം ക്ലാസ് മുതൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് രീതി നടപ്പിലാക്കൽ
4. ഓഡിയോ കാസററ് മുഖേനയുള്ള ഭാഷാ പഠനം
5. ഐ. ററി. സ്കൂൾ പദ്ധതി
6. സർവ്വ ശിക്ഷാ അഭിയാൻ പരിപാടി നടപ്പിലാക്കൽ
7. മൂല്യ നിർണ്ണയ രീതി പരിഷ്ക്കരിക്കൽ

## അൺ എയിഡഡ് സ്കൂളുകളിലെ ഫീസ് പിരിവ്

87 [699] ശ്രീ. ബി. വിജയകുമാർ:
,, കെ. പോൾസൺ മാസ്ററർ:
,, എം. പി. ഗംഗാധരൻ:
,, എം. മുരളി:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെൻറിൻെറ കാലത്ത് അൺ എയിഡഡ് സ്കൂളുകളിലെ ഫീസ് പിരിവ് സംബന്ധിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകളും ഭൂരിപക്ഷ വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകളും തമ്മിൽ എന്തെങ്കിലും വേർതിരിവ് ഏർപ്പെടുത്തിയിരുന്നുവോ;

(ബി) എങ്കിൽ ന്യൂനപക്ഷവിഭാഗങ്ങൾ സ്ഥാപിച്ചു നടത്തി വന്നിരുന്ന അൺ എയിഡഡ് സ്കൂളുകൾ പിരിക്കാൻ അനുവദിച്ച ഫീസിൻെറ വിവരവും മററ് അൺ എയിഡഡ് സ്കൂളുകൾ പിരിക്കാൻ അനുവദിച്ച ഫീസിൻെറ വിവരവും വെളിപ്പെടുത്തുമോ;

(സി) ഭൂരിപക്ഷ വിഭാഗങ്ങൾ സ്ഥാപിച്ച് നടത്തുന്ന അൺ എയിഡഡ് സ്കൂളുകൾ പിരിക്കാൻ അനുവദിച്ച ഫീസിൻെറ വിവരം വ്യക്തമാക്കുമോ;

(ഡി) ഫീസ് പിരിവിൻെറ കാര്യത്തിൽ ഭൂരിപക്ഷ വിഭാഗങ്ങൾ നടത്തുന്ന അൺ എയിഡഡ് വിദ്യാലയങ്ങളും ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാലയങ്ങളും തമ്മിൽ അന്തരം വരുത്തിയതിൻെറ മാനദണ്ഡം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സ്ററാൻേറർഡ് 1 മുതൽ 7 വരെ പ്രതിവർഷം ഒരു കുട്ടിയിൽനിന്നും 1000 രൂപയും സ്ററാൻേറർഡ് 8 മുതൽ 10 വരെ പ്രതിവർഷം ഒരു കുട്ടിയിൽനിന്നും 1500 രൂപയും ട്യൂഷൻ ഫീസായും ഇതിൻെറ മൂന്നിലൊന്നിൽ കൂടാത്ത തുക സ്പെഷ്യൽ ഫീസായും ഈടാക്കാവുന്നതാണ്, എന്നാണ് കെ. ഇ. ആർ. അദ്ധ്യായം 12-ലെ ചട്ടം 29-ൽ നിഷ്കർഷിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരത്തിൽ അന്തരം വരുത്തിയിട്ടില്ല. ഗവൺമെൻറ് നിഷ്കർഷിച്ചിട്ടുള്ള ഫീസ് എല്ലാ വിഭാഗം അൺ എയിഡഡ് സ്കൂളുകൾക്കും പൊതുവായി ബാധകമാണ്. എങ്കിലും ഫീസ് പിരിവ് സംബന്ധിച്ച് പ്രതിപാദിക്കുന്ന കെ. ഇ. ആർ. അദ്ധ്യായം 12 റൂൾ 30-ൽ ഈ അദ്ധ്യായത്തിലെ റൂളുകളൊന്നും ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് ബാധകമല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ സമ്പ്രദായം

88 [700] ശ്രീ. യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, സി. മൊയിൻകുട്ടി:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളിൽ അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു വർഷംവരെ;

(സി) ഇക്കാര്യത്തിൽ ഗവൺമെൻറ് പുതിയ തീരുമാനങ്ങൾ എന്തെങ്കിലും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 14-7-1997 വരെ റഗുലർ വേക്കൻസികളിൽ നിയമിതരായ എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകാൻ വ്യവസ്ഥയുണ്ട്.

(സി) പ്രൊട്ടക്ററഡ് അദ്ധ്യാപകരെ പുനർ വിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഗ്രേഡ് സമ്പ്രദായം

89 [701] ശ്രീ. ഇ. ററി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഈ വർഷംമുതൽ ഗ്രേഡ് സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുപ്രകാരം എത്ര ഗ്രേഡുകളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സി. ബി. എസ്. ഇ. 10-ാം ക്ലാസ്സ് പരീക്ഷയ്ക്ക് അനുവദിച്ചിട്ടുള്ള അതേ രീതിയിലുള്ള ഗ്രേഡ് സമ്പ്രദായമാണോ ഇവിടെയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly